# താമരശ്ശേരി ചുരം



**• അഷ്കർ കബീർ**

ഏലവും ഗ്രാമ്പൂവും കുരുമുളകും സുഗന്ധം പൊഴിക്കുന്ന തോട്ടങ്ങളും ആനയും മാനുമുൾപ്പെടെയുള്ള വന്യജീവികൾ സൈ്വര വിഹാരം നടത്തുന്ന വനനിരകളും പ്രാചീന ശിലായുഗത്തിലെ അപൂർവ്വ ഗുഹകളും ബ്രിട്ടീഷുകാർക്കെതിരെ ധീരമായി പോരാടിയ പഴശ്ശിരാജാവിന്റെ സ്മാരകവും പണിയർ, കുറിച്യർ, കാട്ടുനായ്ക്കർ, അടിയർ, മുള്ളകുറുമർ, ഊരാളികുറുമർ തുടങ്ങിയ ആദിവാസിവിഭാഗങ്ങളുടെ പ്രകൃതിയോടിണങ്ങിയ ജീവിതവും കാണുകയും അടുത്തറിയുകയും ചെയ്യണമെന്ന് തോന്നുന്നുണ്ടോ?

എങ്കിൽ ഒരേയൊരു ദേശമേ അത്തരത്തിലുള്ളൂ.. കോടമഞ്ഞിന്റെ കുളിരും തേയിലത്തോട്ടങ്ങളുടെ പച്ചപ്പും അഴകു വിടർത്തി നിൽക്കുന്ന നമ്മുടെ സ്വന്തം വയനാട്. വയനാട്ടിലേക്കുള്ള യാത്രാപാതയായ താമരശ്ശേരി ചുരത്തെ അനുഭവിച്ചറിഞ്ഞ് വന്നാലോ!

കോഴിക്കോടുനിന്ന് വയനാട്ടിലേക്കുള്ള യാത്രയിൽ മൂന്ന് മലകളിലായി കിടക്കുന്ന മനോഹരമായ മലമ്പാതയാണ് താമരശ്ശേരി ചുരം. ജില്ലയുടെ കിഴക്കേ യറ്റമായ അടിവാരത്താണ് നാമിപ്പോൾ. ഇനിയാണ് ചുരം കയറിത്തുടങ്ങുന്നത്. കോഴിക്കോടുകാർക്കിത് കോഴിക്കോടൻ ചുരമാണെങ്കിൽ വയനാട്ടുകാർക്ക് വയനാടൻ ചുരമാണ്. എന്നാൽ പൊതുവെ താമരശ്ശേരി ചുരമെന്നാണ് അറിയപ്പെടുന്നത്. ദേശീയ പാത 212-ന്റെ ഭാഗമായ ഈ പശ്ചിമഘട്ട മലമ്പാതയിലൂടെ യാത്ര ചെയ്തു ഇവിടെ നിന്ന് മൈസൂരിലെത്തിച്ചേരാം.

അത്യഗാധതയിൽ വശങ്ങളിൽ കാണുന്ന ഇടതൂർന്ന വനനിരകൾ എത്ര മനോഹരമാണല്ലേ...! അവിടെ നിന്ന് നോക്കുയാൽ കോഴിക്കോട് ജില്ല ഒന്നാകെ കാണാം. സൂക്ഷിച്ചു നോക്കിയാൽ വിദൂരതയിൽ പൊട്ടു പോലെ ദൃശ്യമാകുന്ന കടൽത്തീരവും കാണാം. ഹെയർ പിൻ വളവുകളിലെ കുരങ്ങൻമാർ ആരെയോ പ്രതീക്ഷിച്ചിരിക്കുന്നതു പോലെ. വ്യൂ പോയിന്റിൽ ഏവരും കാഴ്ച കണ്ട് രസിക്കുന്നതിനിടയിൽ ആ പാവം കുരങ്ങൻമാരെ ശല്യം ചെയ്യുന്നുമുണ്ട്. താഴേക്ക് നോക്കൂ, എന്തു മാത്രം പ്ലാസ്റ്റിക്ക് ബോട്ടിലുകളാണ്! ഇത്ര മനോഹരമായ കാഴ്ച്ചകളും കാലാവസ്ഥയും നൽകിയനുഗ്രഹിച്ച പ്രകൃതിയോട് എത്ര ക്രൂരതയാണ് നാം കാണിച്ചു കൊണ്ടിരിക്കുന്നത്!




അതാ ആ ബോർഡിലെഴുതിയിരിക്കുന്നത് കണ്ടോ, Welcome to Wayanad. ഇനി ലക്കിടിയാണ്. സമുദ്ര നിരപ്പിൽ നിന്ന് 2625 അടി മുകളിലാണ് ഇപ്പോൾ നാം. 9 ഹെയർ പിന്നുകൾ പിന്നിട്ട് അടിവാരത്തു നിന്ന് 12 കിലോമീറ്ററാണ് ഇതുവരെ നാം യാത്ര ചെയ്തത്. ആ കാണുന്ന ആൽമരവും അതിൽ ബന്ധിച്ചിരിക്കുന്ന ചങ്ങലയും ശ്രദ്ധിച്ചോ? അതിനു പിന്നിൽ വലിയൊരു ചരിത്രമുണ്ട്. കരിന്തണ്ടൻ എന്ന പണിയ മൂപ്പന്റെ ആത്മാവിനെ ബന്ധിച്ചിരിക്കുന്ന ചങ്ങലയെന്ന വിശ്വാസത്തെ അടിസ്ഥാനമാക്കിയ ചരിത്രം. ആരാണ് ഈ കരിന്തണ്ടൻ എന്നറിയുമ്പോഴാണ് രോമാഞ്ചവും സാമ്രാജ്യ ശക്തികളോട് അങ്ങേയറ്റത്തെ വിരോധവുമുണ്ടാകുന്നത്.

താമരശ്ശേരി ചുരം ബ്രിട്ടീഷുകാർ നിർമ്മിച്ചതെന്നാണല്ലോ നാം പാഠപുസ്തകങ്ങളിലൊക്കെ പഠിച്ചത്. എന്നാൽ നാം പഠിച്ച പല ചരിത്രങ്ങളും യഥാർത്ഥ ചരിത്ര നായകരെ വിട്ടുകളഞ്ഞതായിരുന്നു. അത്തരത്തിലൊരാളായിരുന്നു പണിയ മൂപ്പനായിരുന്ന കരിന്തണ്ടൻ.

1750 മുതൽ 1799 വരെയുള്ള കാലഘട്ടത്തിലാണ് കരിന്തണ്ടൻ ജീവിച്ചിരുന്നതെന്നാണ് ചരിത്രകാന്മാരുടെ പക്ഷം. ബ്രിട്ടീഷുകാർ തങ്ങളുടെ അധികാര സീമ

വ്യാപിപ്പിച്ചുകൊണ്ടിരുന്ന ഘട്ടം കൂടിയായിരുന്നു അക്കാലഘട്ടം.

വയനാട്ടിലുള്ള സുഗന്ധ ദ്രവ്യങ്ങളോടു വലിയ ഭ്രമമായിരുന്നു ബ്രിട്ടീഷുകാർക്ക്. അവർ ടിപ്പുവിന്റെ ശ്രീരംഗപട്ടണം കീഴടക്കാനുള്ള തയ്യാറെടുപ്പിലുമായിരുന്നു. എന്നാൽ വയനാടെത്താനുള്ള ഏറ്റവും വലിയ പ്രതിബന്ധം ഇടതൂർന്ന ഘോരവനങ്ങളായിരുന്നു. അതിനിടെയാണ് കോഴിക്കോടുനിന്ന് അടിവാരത്തിലുള്ള മലമ്പാതയിലൂടെ വേഗം വയനാട്ടിലെ വൈത്തിരിയിലെത്താമെന്ന് തദ്ദേശീയരായ ചിലരിൽ നിന്ന് ബ്രിട്ടീഷുകാർക്ക് വിവരം ലഭിക്കുന്നത്. അത് മൈസൂരിലേക്കുള്ള യാത്രയും സുഗമമാക്കും. ബ്രിട്ടീഷ് ചീഫ് എഞ്ചിനീയർ ഇക്കാര്യം തന്റെ മേലുദ്യോഗസ്ഥനോടറിയിച്ചപ്പോൾ അയാൾക്ക് യാതൊരു താൽപര്യവുമുണ്ടായില്ല.

മൈസൂരിൽ നിന്ന് കുറ്റ്യാടിയെത്താൻ ടിപ്പു നിർമ്മിച്ച ഒരു വഴിയുണ്ടായിരിക്കെ മറ്റൊരു പാതയുടെ ആവശ്യമില്ലെന്നായി അയാൾ. എന്നാൽ ചീഫ് എഞ്ചിനീയറാകട്ടെ ചുരം നിർമ്മിക്കാനുള്ള ശ്രമത്തിൽ നിന്ന് പിന്നോട്ട് പോയുമില്ല. ഒരു ദിവസം അതിനുള്ള വഴിയാരാഞ്ഞ് വനത്തിനുള്ളിലെ പാതയിലൂടെ കുറെ മുന്നോട്ട് പോകുകയും ചെയ്തു. എന്നാൽ മൃഗങ്ങളുടെ ഓരിയിടലിൽ വല്ലാതെ ഭയന്ന അയാൾ വഴിയറിയാതെ പരിഭ്രാന്തനായി തിരികെ പോരുകയായിരുന്നു.

എന്നാൽ ഒരിക്കൽ കൂടി മേധാവിയെ സന്ദർശിച്ചപ്പോൾ അദ്ഭുതപ്പെടുത്തിക്കൊണ്ട് ചുരം നിർമ്മിക്കാനുള്ള അനുമതി നൽകുകയാണ് മേധാവി ചെയ്തത്. അതിനിടെയാണ് ഒരു തദ്ദേശീയനിൽ നിന്ന് അടിവാരത്തെ ചിപ്പിലിതോടിലുള്ള ആദിവാസി ഊരിനെക്കുറിച്ച് അയാളറിയുന്നത്. ആ ആദിവാസി ഊരിലെ മൂപ്പനായിരുന്നു കരിന്തണ്ടൻ.

തുടർന്ന് അടിവാരത്ത് ആട് മേച്ചു നടക്കുന്ന കരിന്തണ്ടനെ ബ്രിട്ടീഷുകാർ ശ്രദ്ധിച്ചു തുടങ്ങി. പലപ്പോഴും വനത്തിനുള്ളിൽ ആടുകളുമായി പോയി മടങ്ങി വരുന്ന കരിന്തണ്ടനെയാണ് അവർ കണ്ടിരുന്നത്. ഒരു ദിവസം കരിന്തണ്ടനോട് അവർ തങ്ങളുടെ ആവശ്യം അറിയിച്ചപ്പോൾ കാട് ഞങ്ങളുടേതാണെന്നും അത് നശിപ്പിക്കരുതെന്നുമായിരുന്നു കരിന്തണ്ടന്റെ ആവശ്യം. ഒരിക്കലും അതുണ്ടാകില്ലെന്നും തങ്ങൾക്ക് വഴിയറിഞ്ഞാൽ മതിയെന്നുമായി ബ്രിട്ടീഷുകാർ.

അടുത്ത ദിവസം മുതൽ കരിന്തണ്ടൻ തന്റെ ആടുകളെ കാട്ടിലേക്ക് വിട്ട് അതിന്റെ പിന്നാലെ ചെന്നു തുടങ്ങി. കരിന്തണ്ടനെ പിന്തുടർന്ന ബ്രിട്ടീഷുകാർ ഓരോ സ്ഥലത്തും അടയാളമിട്ട് കയറിത്തുടങ്ങി. ഒടുവിൽ ലക്കിടിയെത്തിയ ശേഷം ബ്രിട്ടീഷുകാർ കരിന്തണ്ടനെ വാനോളം പുകഴ്ത്തുന്നത് മേലുദ്യോഗസ്ഥർക്ക് ഇഷ്ടപ്പെട്ടില്ല. അവരെ രഹസ്യമായി ഉദ്യോഗസ്ഥർ താക്കീത് ചെയ്യുകയും എഞ്ചിനീയർ തന്നെ കരിന്തണ്ടനെ വെടിവെച്ചു കൊല്ലാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, കരിന്തണ്ടന്റെ മാന്ത്രിക വളയായിരുന്നു അതിന് തടസ്സമായിനിന്നത് എന്നാണ് ഐതിഹ്യം.

വളയഴിച്ചുവെച്ച് കരിന്തണ്ടൻ കുളിച്ച ഒരു ദിവസമാണ് അവർ കരിന്തണ്ടനെ വെടിവെച്ചു കൊന്നുകളഞ്ഞത്. ചരിത്ര പാതയായ താമരശ്ശേരി ചുരം ഒരിക്കലും ഒരു ആദിവാസിയുടെ പേരിലറിയപ്പെടരുതെന്ന വംശീയ ബോധമായിരുന്നു കൊലക്ക് കാരണം. പിന്നീട് കരിന്തണ്ടന്റെ ആത്മാവ് ഗതികിട്ടാതെ അലഞ്ഞെന്നും അതുവഴി വന്ന പല വാഹനങ്ങൾക്കും കേടുപാടുകൾ വരുത്തിയെന്നും അതിനെ തുടർന്ന് ഒരു ദിവ്യൻ കരിന്തണ്ടന്റെ ആത്മാവിനെ മരത്തിലെ ചങ്ങലയിൽ തളച്ചുവെന്നുമാണ് ഐതിഹ്യം.

കേരളത്തിലെ ഏറ്റവും വലിയ ആദിവാസി വിഭാഗമായ പണിയരുടെ കുലനായകനാണ് കരിന്തണ്ടൻ. പണിയർക്കിടയിൽ കരിന്തണ്ടനെക്കുറിച്ച് അനേകം കഥകൾ നിലവിലുണ്ട് .

പനമരത്ത് ആദിവാസി കുട്ടികൾക്കായി 1994-ൽ ആരംഭിച്ച കെ. ജെ ബേബിയുടെ 'കനവ്' എന്ന ബദൽ വിദ്യാകേന്ദ്രത്തിൽ നിന്ന് പഠിച്ചിറങ്ങിയ ലീല കനവ് തങ്ങളുടെ നായകനായ കരിന്തണ്ടനെക്കുറിച്ച് സിനിമയെടുക്കാനുള്ള തയ്യാറെടുപ്പിലാണ്. വിനായകനാണ് കരിന്തണ്ടനായി രംഗത്തെത്തുന്നത്.

